**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - കുടുംബശ്രീ - ഭവനശ്രീ വായ്പ സർക്കാർ ഏറ്റെടുത്തത് - 2015-16 സാമ്പത്തിക വർഷത്തിൽ 27,37,97,159/- രൂപ ബാങ്കുകൾക്ക് നൽകുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.689/2016/തസ്വഭവ. തിരുവനന്തപുരം, തീയതി 19/02/2016.

പരാമർശം:-(1) 13.09.2010 ലെ സ.ഉ.(എം.എസ്) നമ്പർ 211/2010/തസ്വഭവ നമ്പർ ഉത്തരവ്.

(2) 31.05.2014 ലെ സ.ഉ (എം.എസ്) നമ്പർ 96/2014/തസ്വഭവ നമ്പർ ഉത്തരവ്.

(3) 29.01.2015 ലെ സ.ഉ. (എം.എസ്) നമ്പർ 19/2015/തസ്വഭവ നമ്പർ ഉത്തരവ്.

(4) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 17.10.2015 ലെ കെ.എസ്.സി/4468/2008 നമ്പർ കത്ത്.

**ഉത്തരവ്**

കുടുംബശ്രീ അയൽക്കൂട്ടാംഗങ്ങൾക്ക് ദേശസാത്കൃത ബാങ്കുകൾ മുഖേന നൽകിയ ഭവനശ്രീ വായ്പയുടെ 30.06.2010 ന ശേഷമുള്ള തിരിച്ചടവ് പരാമർശം (1) ഉത്തരവു പ്രകാരം സർക്കാർ ഏറ്റെടുത്തിരുന്നു. പരാമർശം (2) ഉത്തരവു പ്രകാരം കുടുംബശ്രീ മിഷന്റെ ആഭിമുഖ്യത്തിൽ സഹകരണ ബാങ്കുകൾ മുഖേന നൽകിയ ഭവനശ്രീ വായ്പാ ബാദ്ധ്യത സർക്കാർ ഏറ്റെടുത്തിരുന്നു. ഭവനശ്രീ വായ്പ സർക്കാർ ഏറ്റെടുത്തപ്പോൾ ദേശസാത്കൃത ബാങ്കുകൾ റിപ്പോർട്ടു ചെയ്യാൻ വിട്ടുപോയിട്ടുള്ള അഡീഷണൽ അക്കൗണ്ടുകളിലെ ഭവനശ്രീ വായ്പാ തുക കൂടി പരാമർശം (3) ഉത്തരവു പ്രകാരം സർക്കാർ ഏറ്റെടുത്ത് ഉത്തരവായിരുന്നു. പരാമർശം (1) പ്രകാരം 2015-16 സാമ്പത്തിക വർഷത്തിൽ ബാങ്കുകൾക്ക് നൽകേണ്ട 6-ാം ഗഡു തുകയായ 21,95,53,942/- രൂപയും പരാമർശം (2) പ്രകാരം രണ്ടാം ഗഡുവായി ബാങ്കുകൾക്ക് നൽകേണ്ട തുകയായ 1,32,97,761/- രൂപയും പരാമർശം (3) പ്രകാരം ബാങ്കുകൾക്ക് നൽകേണ്ട 4,09,45,456/- രൂപയും ചേർത്ത 27,37,97,159/- രൂപ 2015-16 സാമ്പത്തിക വർഷത്തിൽ അനുവദിച്ചു നൽകണമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (4) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ, ഭവനശ്രീ വായ്പ സർക്കാർ ഏറ്റെടുത്തതിന്റെ ഭാഗമായി ദേശസാൽകൃത ബാങ്കുകൾക്ക് നൽകാനുള്ള ആറാമത്തെയും അവസാനത്തെയും ഗഡുവും അഡീഷണൽ അക്കൗണ്ടുകൾ സർക്കാർ ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് നൽകേണ്ട തുകയും ചേർത്ത 26,04,99,398/- രൂപ 2515-00-800-14 ഭവനശ്രീ വായ്പ ഏറ്റെടുക്കൽ (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും, സഹകരണ ബാങ്കുകൾക്ക് നൽകുന്നതിനുള്ള തുകയായ 1,32,97,761/- രൂപ 2515-00-102-38 -സഹകരണബാങ്കുകളുടെ ഭവനശ്രീ വായ്പ ഏറ്റെടുക്കൽ (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും റിലീസ് ചെയ്യുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**രമേശൻ.എം.കെ**
**ഡെപ്യൂട്ടി സെക്രട്ടറി.**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.